"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.739/2025/CLAD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.301/3025/സാം.കാ.വ തീയതി : 27-06-2025.
2. സ.ഉ.(സാധാ) നം.658.2025/സാം.കാ.വ തീയതി : 05-11-2025
3. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29.11.2025 ലെ 1877/എ3/2021/കെ.എസ്.എഫ്.ഡി.സി./977 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2205-00-102-65-33 ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി ധനസഹായം നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 1,41,15,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം 2 ഗഡുക്കളായി 56,00,000/- രൂപ അനുവദിച്ചിരുന്നു. ചിത്രാഞ്ജലിയിൽ 16 ഓളം സിനിമകളുടെ ഷൂട്ടിംഗ്/പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ അന്തിമഘട്ടത്തിലാണെന്നും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സിഡി തുക നൽകേണ്ടതുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിട്ടുള്ള 141.15 ലക്ഷം രൂപയിൽ നിന്നും ടി ഇനത്തിൽ ഇതുവരെ ലഭ്യമായിട്ടുള്ള 56 ലക്ഷം രൂപ കുറച്ചിട്ടുള്ള തുകയായ 85,15,000/-രൂപ (എൺപത്തിയഞ്ച് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം 3 പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2205-00-102-65-33 (മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി) ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരിക്കുന്ന 1,41,15,000/- ലക്ഷം രൂപയിൽ ശീർഷകത്തിൽ ശേഷിക്കുന്ന തുകയായ 85,15,000/- രൂപ (എൺപത്തിയഞ്ച് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) മൂന്നാം ഗഡുവായി

ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

2. 29/08/2009 ലെ സർക്കുലർ നം.75/09/ധനത്തിലേയും 09/12/2008-ലെ സർക്കുലർ നം.84/2008/ധനത്തിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ).നം.4/2020/ധന. പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിംഗിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കേണ്ടതാണ്.

3. പ്രസ്തുത തുക ഓൺലൈനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് ട്രഷറി സേവിങ്‌സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതും തുക പിൻവലിച്ചത് സംബന്ധിച്ച വിശദവിവരങ്ങളും വിനിയോഗപത്രവും തുക പിൻവലിച്ച് മൂന്ന് മാസത്തിനകം സർക്കാരിനും സംസ്ഥാന അക്കൗണ്ടന്റ് ജനറലിനും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ധനകാര്യ വകുപ്പ് ( 01.12.2025 ലെ 3314101/PU-C2/193/2025-FIN അ.ഔ.കുറിപ്പ് പ്രകാരം).
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 24-12-2025 17:32:24

സെക്ഷൻ ഓഫീസർ